**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2186** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനത്തിനായുള്ള പുതിയ പ്രൊപ്പോസലുകൾ നിലവിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനത്തിനായി നടപ്പിലാക്കി വരുന്ന നിർമാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു<br><br>1. ഓക്സിജൻ പ്ലാന്റ് സജ്ജീകരണത്തിനായി 2020- 21 സാമ്പത്തിക വർഷം 58.14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി HLL നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 60% പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2. ടി ആശുപത്രിയിൽ ലാക്ടേഷൻ മാനേജ്മെന്റ് യൂണിറ്റ് സജ്ജീകരണത്തിനായി 2022- 23 സാമ്പത്തിക വർഷം 38.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി HLL നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തി പൂർത്തീകരിച്ചു.<br><br>3. കൂടാതെ ആശുപത്രിയിൽ പുതിയ സീവേജ്ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കുന്നതിന് 2023- 24 സാമ്പത്തിക വർഷം 1.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല IRTC എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ